## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :522 27.02. 2018 ൽ മറുപടിക്ക്

## വൈദ്യുതി ചാർജ്ജ് വർദ്ധനവ്

ചോദ്യം

ശ്രീ.എൻ.ഷംസുദ്ദീൻ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടോ ;എത്രതവണ വർദ്ധിപ്പിച്ചിട്ടുണ്ട് ; വിശദവിവരം നൽകുമോ ; | (എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒരു തവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്. 2014-ലെ താരിഫ് വർദ്ധനയ്ക്ക് ശേഷം 18.04.2017 മുതലാണ് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചത്. കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ 17.04.2017-ൽ സ്വമേധയാ പുറപ്പെടുവിച്ച താരിഫ് ഓർഡർ പ്രകാരമാണ് കെ.എസ്.ഇ.ബി.എൽ നിരക്ക് വർദ്ധന നടത്തിയത്. |
| (ബി) വീണ്ടും വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;എങ്കിൽ വിശദവിവരം നൽകുമോ ? | (ബി) വൈദ്യുതി നിരക്കുകൾ നിശ്ചയിക്കുന്നതിനുള്ള അധികാരം സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനിൽ മാത്രം നിക്ഷിപ്തമാണ്. നിരക്കുകൾ വർദ്ധിപ്പിക്കുന്നതിനോ കുറയ്ക്കുന്നതിനോ കെ.എസ്.ഇ.ബി. ലിമിറ്റഡിനോ സംസ്ഥാന സർക്കാരിനോ അധികാരമില്ല. വൈദ്യുതി ബോർഡിന്റെയും മറ്റു വൈദ്യുതി യൂട്ടിലിറ്റികളുടെയും വാർഷിക വരവു ചെലവു കണക്കുകൾ പരിശോധിച്ചാണ് റഗുലേറ്ററി കമ്മീഷൻ വൈദ്യുതി ചാർജ്ജ് സംബന്ധിച്ച് തീരുമാനമെടുക്കുന്നത്. ഇക്കാര്യത്തിൽ നിലവിൽ എന്തെങ്കിലും തീരുമാനം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ